കിട്ടുന്നതിലേക്കായി പരീക്ഷാഭവനിൽ നിന്ന് ബന്ധപ്പെട്ട സ്കൂളധികാരികൾക്ക് അയച്ചുകൊടുക്കുന്നു. ഭാഗികമായി നഷ്ടപ്പെട്ട ബുക്കുകൾക്ക് പകരം ഡ്യൂപ്ലിക്കേറ്റ് ബ്ലാങ്ക് ബുക്ക്, അപേക്ഷകളുടെ സൂക്ഷ്മ പരിശോധനാന്തരം ബന്ധപ്പെട്ട സ്കൂളധികാരികൾക്ക് അയച്ചു കൊടുക്കുകയും ബയോഡേറ്റ രേഖപ്പെടുത്തി ബുക്ക് ലഭിക്കുന്ന മുറയ്ക്ക് പരീക്ഷാ ഭവനിലെ ഓഫീസ് രേഖകളുമായി ബയോഡേറ്റ പൊരുത്തപ്പെട്ടാൽ പൊതുപരീക്ഷയുടെ മാർക്ക് രേഖപ്പെടുത്തി നടപടിക്രമങ്ങൾ പൂർത്തിയാക്കി ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു.

(സി) ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യംമൂലവും ഭൂരിഭാഗം അപേക്ഷകളും തപാലിലൂടെ ലഭിക്കുന്നതിനാലും 'ബി' പിരിവിന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്നത്രയും നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാലും ഡ്യൂപ്ലിക്കേറ്റ് കോപ്പി നല്കുന്നതിനുള്ള കൃത്യമായ ഒരു തീയതി രേഖാമൂലം നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നത് തല്ക്കാലം പ്രായോഗികമല്ല. ഭൂരിഭാഗം അപേക്ഷകളും തപാലിൽ ലഭിക്കുന്നവയാകയാൽ കൈപറ്റിയ രസീത് തപാൽ മാർഗ്ഗമേ നൽകുവാൻ കഴിയൂ.

(ഡി) 3666 അപേക്ഷകൾ നിലവിലുണ്ട്.

എസ്.എസ്.എൽ.സി. ഹയർ സെക്കണ്ടറി പരീക്ഷകൾ ഒരുമിച്ച് നടത്തുന്നതിനുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ

98 (2038) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003 മാർച്ചിലെ ഹയർ സെക്കണ്ടറി പരീക്ഷ എസ്.എസ്.എൽ.സി. പരീക്ഷയോടൊപ്പം നടത്തുവാൻ തീരുമാനിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) 2002 മാർച്ചിലെ പരീക്ഷയേക്കാൾ 2003 മാർച്ചിലെ പരീക്ഷാ നടത്തിപ്പിൽ എത്രത്തോളം ചെലവ് കുറയ്ക്കുവാൻ കഴിഞ്ഞു ;

(സി) മുൻ വർഷത്തേക്കാൾ ചെലവ് കൂടിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) 2003 മാർച്ചിലെ ഹയർ സെക്കണ്ടറി പരീക്ഷ എസ്.എസ്.എൽ.സി. പരീക്ഷയോടൊപ്പം നടത്തുവാൻ തീരുമാനിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവയാണ്.

1. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള കുറവുമൂലം ഉണ്ടായേക്കാവുന്ന കാലവിളംബം ഒഴിവാക്കാൻ.

2. പരീക്ഷാ നടത്തിപ്പിന്റെ ചെലവ് ഗണ്യമായി കുറയ്ക്കുവാൻ.

3. പരീക്ഷാ കമ്മീഷണർ ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പരീക്ഷാഫലം എത്രയും പെട്ടെന്ന് പ്രസിദ്ധീകരിക്കുവാനും തദ്വാര വകുപ്പിന്റെ കാര്യക്ഷമത നിലനിറുത്താനും.

LIBRARY ARCHIVES Kerala Legislative Assembly

(ബി & സി) 2003 മാർച്ചിലെ പരീക്ഷാ നടത്തിപ്പിന്റെ ചെലവിന്റെ കണക്ക് പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് കുറഞ്ഞിട്ടുണ്ടോ എന്ന് ഇപ്പോൾ കൃത്യമായി പറയാനാവില്ല.

കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അഫിലിയേഷൻ സമ്പ്രദായം ഏർപ്പെടുത്തണമെന്ന ഭരണപരിഷ്കാര കമ്മിറ്റിയുടെ ശുപാർശ

99 (2039) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :

ശ്രീ. സാജു പോൾ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് അഫിലിയേഷൻ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് ഭരണപരിഷ്കാര കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഗവൺമെന്റ് ശുപാർശ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ലബോറട്ടറി, ലൈബ്രറി അടക്കമുള്ള സംവിധാനം ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിശ്ചിത നിലവാരം പുലർത്തുന്നവയാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എം. ജി. പി-യുടെ ഭാഗമായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ നിലവാരമുയർത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പല നടപടികളിലൊന്ന് അടിസ്ഥാന ഭൗതിക സൗകര്യങ്ങളുടെയും അക്കാദമിക് രംഗത്തും ഇതര ഭാഗങ്ങളിലുമുള്ള പ്രകടനത്തിന്റെയും വെളിച്ചത്തിൽ സ്കൂളുകളെ ഗ്രേഡ് ചെയ്തു അഫിലിയേഷൻ നൽകണമെന്നും നിശ്ചിത നിലവാരം പുലർത്താത്ത സ്കൂളുകളുടെ അഫിലിയേഷൻ പിൻവലിക്കണമെന്നുമുള്ളതാണ്. കമ്മിറ്റിയുടെ പ്രസ്തുത ശുപാർശ സർക്കാരിന്റെ പരിഗണനയിൽ വന്നിട്ടില്ല.

(ബി) ലൈബ്രറികളും ലബോറട്ടറികളും മെച്ചപ്പെടുത്തുന്നതിന് ഓരോ വർഷവും ഗവ. സ്കൂളുകൾക്ക് തുക അനുവദിച്ചു വരുന്നുണ്ട്. നിലവാരം ഉറപ്പു വരുത്തുന്നതിന് സ്കൂളുകളിൽ പരിശോധന നടത്തുവാനും ആവശ്യമായ വിദഗ്ദ്ധോപദേശം നൽകുവാനും നടപടി സ്വീകരിക്കും.

(സി) അദ്ധ്യാപകർക്കുവേണ്ടി എസ്.സി.ഇ.ആർ.ടി. പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

ഹയർ സെക്കണ്ടറി സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണം

100 (2040) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹയർ സെക്കണ്ടറി സ്കൂൾ പാഠ്യപദ്ധതി പരിഷ്ക്കരണം സർക്കാരിന്റെ ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly